**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1530** **07-02-2023 - ൽ മറുപടിയ്ക്ക്**

**വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിക്കപ്പെടുന്ന റോഡുകളുടെ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിക്കപ്പെടുന്ന റോഡുകളുടെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്ത സ്ഥിതിവിശേഷം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. പ്രകൃതി ദുരന്തങ്ങളിൽ നാശം സംഭവിക്കുന്ന റോഡുകളുടെ Immediate Restoration നടത്തുന്നതിനാണ് സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽ നിന്നും തുക അനുവദിക്കുന്നത്. 2018,2019 വർഷങ്ങളിൽ ഉണ്ടായ പ്രളയങ്ങളും കോവിഡ് മഹാമാരിനേരിടുന്നതിനായി ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങളും, നിർമാണ വസ്തുക്കളുടെയും തൊഴിലാളികളുടെയും ലഭ്യതക്കുറവും കാരണം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പ്രവൃത്തികൾ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. ഇക്കാര്യം ജനപ്രതിനിധികളും ജില്ലാ കളക്ടർമാരും സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുകയും കരാറിൽ ഏർപ്പെടുന്നതിനും പ്രവൃത്തി പൂർത്തിയാക്കുന്നതിനും ഉള്ള സമയ പരിധി ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ കരാറുകാർ വിമുഖത കാട്ടുന്നുവെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ചില പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിന് കരാറുകാർ വിമുഖത കാണിക്കുന്ന കേസുകളിൽ റീ ടെൻഡർ നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (സി) | ഇത്തരം പ്രവൃത്തികളുടെ ബില്ല് മാറുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഭരണാനുമതി കാലാവധിക്കുശേഷം പൂർത്തിയാക്കുന്ന പ്രവൃത്തികളുടെ ബില്ലുകൾ ജില്ല കളക്ടർമാരുടെ ശിപാർശ, നിർവഹണോദ്യോഗസ്ഥരുടെ വിശദീകരണം, എന്നിവ പരിഗണിച്ചുകാലതാമസം മാപ്പാക്കി തുക അനുവദിക്കുന്നതിന് അനുമതി നൽകുന്നുണ്ട്. |
| (ഡി) | വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിക്കുന്ന പ്രവൃത്തികളുടെ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ നിന്നി അനുവദിക്കുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതുമുതൽ അന്തിമ ബിൽതുക അനുവദിക്കുന്നതുവരെയുള്ള നടപടിക്രമങ്ങൾവേഗത്തിലാക്കുന്നതിനും ലഘൂകരിക്കുന്നതിനും സർക്കാർ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ